➪ ഉള്ളടക്കത്തിൽ ഈ രണ്ട് സമരങ്ങൾ തമ്മിൽ വ്യത്യാസമില്ല ➪

# കരിമണൽ ഖനനം:

# സ്വകാര്യ-പൊതുമേഖലാ തർക്കമല്ല, പരിസ്ഥിതി സംവാദമാണ് വേണ്ടത്

കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ഉയരുന്ന സംവാദങ്ങൾ ഇപ്പോഴും ഖനനം പൊതുമേഖലയിൽ വേണോ സ്വകാര്യമേഖലയിൽ വേണോ എന്ന കുറ്റിയിൽ തന്നെ ചുറ്റിത്തിരിയുകയാണ്. എന്നാൽ യഥാർത്ഥത്തിൽ വിലയിരുത്തപ്പെടേണ്ടത് കരിമണൽ ഖനനം ഉയർത്തുന്ന സാമൂഹിക–പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ്.

**സി.ആർ. നീലകണ്ഠൻ**

**കരിമണൽ** ഖനനം സ്വകാര്യമേഖലയിൽ വേണോ പൊതുമേഖലയിൽ വേണോ എന്ന ചർച്ചയേക്കാൾ പ്രധാനം കരിമണൽ ഖനനത്തിന്റെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തിരിച്ചറിയുക എന്നതാണ്. ചവറ, നീണ്ടകര മേഖലയിലെ, പൊന്മന പഞ്ചായത്തിൽ വർഷങ്ങളായി നടക്കുന്ന കരിമണൽ ഖനനം സൃഷ്ടിച്ചിരിക്കുന്ന പാരിസ്ഥിതിക-സാമൂഹിക പ്രത്യാഘാതങ്ങൾ ഇതുവരെ വ്യക്തമായി വിലയിരുത്തപ്പെട്ടിട്ടില്ല. ഒരുപാട് ഗ്രാമങ്ങൾ ആ മേഖലയിൽ അനാഥമായിപ്പോയി, അനേകായിരങ്ങൾ വീടുപേക്ഷിച്ച് പോയി, സ്കൂളുകളും ആരാധനാലയങ്ങളും നോക്കുകുത്തികളെപ്പോലെ നിൽക്കുകയാണ്. ഏഴ് കിലോമീറ്റർ ഉള്ളിലേക്ക് കടൽ കയറിയതുകൊണ്ട് നിരവധി പേർ കുടിയൊഴിഞ്ഞുപോയിട്ടുണ്ട്. കരിമണൽ ഖനനത്തിന്റെ പ്രശ്നങ്ങൾ ചവറ–നീണ്ടകര പ്രദേശത്തെ ആസ്പദമാക്കി നടത്താൻ സർക്കാർ ഏജൻസികളൊന്നും ഇക്കാലമത്രയും തയ്യാറായിട്ടില്ല. ഈ പ്രശ്നങ്ങൾ കാണാതെ പോകുന്നതുകൊണ്ടാണ്, ഇപ്പോഴും സ്വകാര്യമേഖലാ ഖനനമാണോ പൊതുമേഖലാ ഖനനമാണോ വേണ്ടത് എന്ന കുറ്റയിൽ മാത്രം നമ്മൾ ചുറ്റിത്തിരിയുന്നത്.

സ്വകാര്യ കമ്പനിയായ സി.എം.ആർ.എല്ലിന് കരിമണൽ ഖനനത്തിന് അനുമതി നൽകുന്നതിനായി ട്രേഡ് യൂണിയനുകൾ സംയുക്തമായി രംഗത്തെത്തിയതും പൊതുമേഖലയിൽ ഖനനം നിലനിർത്തുന്നതിനായി ഐ.ആർ.ഇ, കെ.എം.എം.എൽ, ടി.ടി.പി തുടങ്ങിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളി കൂട്ടായ്മയായ കരിമണൽ പൊതുമേഖലാ സംരക്ഷണ സമിതി മറുവശത്ത് രംഗത്ത് വന്നതുമാണ് ഇപ്പോഴുള്ള ആശയക്കുഴപ്പം. എന്നാൽ പ്രത്യക്ഷത്തിൽ വ്യത്യാസമുണ്ടെന്ന് തോന്നുന്നെങ്കിലും ഉള്ളടക്കത്തിൽ ഈ രണ്ട് സമരങ്ങൾ തമ്മിൽ വ്യത്യാസമില്ല. പിണറായി വിജയൻ നയിച്ച സമരവും എളമരം കരീം നയിച്ച സമരവും രണ്ടും രണ്ടായി തോന്നാം. ഫലത്തിൽ സി.എം.ആർ.എൽ പോലെയുള്ള സ്വകാര്യ കമ്പനിക്ക് പൊതുവിഭവങ്ങൾ യഥേഷ്ടം കൊള്ളയടിക്കാനുള്ള സാഹചര്യമൊരുങ്ങുകയാണുണ്ടാകുന്നത്. പൊതുമേഖലാ കമ്പനികൾ മണൽ ഖനനം ചെയ്താലും ഇൽമനൈറ്റ് ലഭിക്കുന്നത് സി.എം.ആർ.എല്ലിനാ



ണ്. കരിമണലിൽ നിന്നും വേർതിരിച്ചെടുക്കുന്ന ഇൽമനൈറ്റ് ഉപയോഗിച്ച് സിന്തറ്റിക് റൂട്ടയിലും അനുബന്ധ ഉത്പന്നങ്ങളും ഉണ്ടാക്കി കയറ്റുമതി ചെയ്ത് ലാഭമെടുക്കുന്നത് സി.എം.ആർ.എൽ ആണ്. നിലവിൽ കരിമണൽ ഖനനം ചെയ്ത്, അതിൽ നിന്നും മോണോസൈറ്റും ഇൽമനൈറ്റും വേർതിരിച്ചെടുക്കുന്ന ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (ഐ.ആർ.ഇ) മോണോസൈറ്റ് തോറിയമുണ്ടാക്കുന്നതിനായി ഉപയോഗിക്കുകയും ഇൽമനൈറ്റ് സി.എം.ആർ.എല്ലിന് കൊടുക്കുകയുമാണ് പതിവ്. എന്നാൽ കരാർ അനുസരിച്ചുള്ള ഇൽമനൈറ്റ് തങ്ങൾക്ക് ലഭിക്കുന്നില്ലെന്ന ചൂണ്ടിക്കാണിച്ചാണ് സി.എം.ആർ. എൽ സ്വകാര്യ ഖനനത്തിന് അനുമതി തേടുന്നത്. ആരു ഖനനം നടത്തിയാലും ഇൽമനൈറ്റ് സി.എം.ആർ.എല്ലിനെ തന്നെ കിട്ടുമായിരുന്നിട്ടും ഒട്ടും കഴമ്പില്ലാത്ത ഒരുവാദമാണ് അവർ മുന്നോട്ട് വയ്ക്കുന്നത്. പ്രകൃതി വിഭവങ്ങൾ പൊതുവായിതന്നെ നിലനിർത്താൻ ബാധ്യസ്ഥരായ രാഷ്ട്രീയപാർട്ടികളും അവരുടെ ട്രേഡ് യൂണിയനുകളും ഇതിന് പിന്തുണ നൽകുന്നു എന്നതാണ് അതിലേറെ ഗുരുതരമായ കാര്യം. വലിയ മൂല്യവർദ്ധനവിന് സാധ്യതയുള്ള വിഭവമാണ് ഇൽമനൈറ്റ്. അങ്ങനെ മൂല്യവർദ്ധനവ് നടത്തി വിൽക്കുന്നതിന്റെ ലാഭമെല്ലാമെടുക്കുന്നത് സി.എം.ആർ.എല്ലിനെ പോലെയുള്ള സ്വകാര്യകമ്പനികളാണ്. ടൈറ്റാനിയം വളരെ കൂടിയ അളവിലുള്ള കരിമണലാണ് ചവറയിൽ നിന്നും ഐ.ആർ.ഇ ഖനനം ചെയ്തെടുക്കുന്നത്. ഇന്ത്യയിൽ ടൈറ്റാനിയം സ്പോഞ്ച് ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഏക കമ്പനിയാണ് കേരള മിനറൽസ് ആന്റ് മെറ്റൽസ് (കെ.എം.എം.എൽ). ആ പൊതുമേഖലാ സ്ഥാപനത്തിന്റെ ശേഷി വളരെക്കുറച്ച് ഉപയോഗപ്പെടുത്തുകയും സി.എം.ആർ.എല്ലിനെ പോലെയുള്ള സ്വകാര്യകമ്പനിക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്ന നയമാണ് മാറി വരുന്ന സർക്കാറുകൾ നാളുകളായി സ്വീകരിച്ചിരിക്കുന്നത്. ഇൽമനൈറ്റിൽ നിന്നും സിന്തറ്റിക്ക് റൂട്ടയിലും അനുബന്ധ ഉത്പന്നങ്ങളും നിർമ്മിച്ചെടുത്ത് സി.എം.ആർ.എൽ ഉണ്ടാക്കുന്ന വലിയ ലാഭം പൊതുസമൂഹത്തിന് കൂടി അവകാശപ്പെട്ടതാണ്. പൊതുവിഭവത്തിൽ നിന്നുമുണ്ടാകുന്ന ലാഭമാണത് എന്ന കാര്യം സി.എം.ആർ.എൽ മറച്ചുവയ്ക്കരുത്.

ലോകത്തിലെ തന്നെ പ്രധാന ധാതുനിക്ഷേപങ്ങളിലൊന്നാണ് നീണ്ടകര, ചവറ മേഖലയിലുള്ളത്. 1950കൾ മുതൽ ഈ മേഖലയിൽ ധാതുമണൽ ഖനനം നടക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡും (ഐ.ആർ.ഇ), സംസ്ഥാന സർക്കാറിന്റെ ഉടമസ്ഥതയിലുള്ള കേരള മിനറൽസ് ആന്റ് മെറ്റൽസ് (കെ.എം.എം.എൽ) എന്നീ സ്ഥാപനങ്ങളാണ് പ്രധാനമായും ഖനനം നടത്തുന്നത്. 50 വർഷത്തിലേറെയായി നടക്കുന്ന ഖനനം

നീണ്ടകര മുതൽ ആലപ്പാട് വരെയുള്ള തീരങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് ഇനിയെങ്കിലും മുഖ്യമായും വിലയിരുത്തപ്പെടേണ്ടത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് കരിമണൽ ഖനനത്തിന് കാര്യമായ പങ്കുവഹിക്കാൻ കഴിയുമെന്നതിനാൽ അവഗണിക്കപ്പെട്ട പരിസ്ഥിതിയേയും പാരിസ്ഥിതിക ദുരന്തം അഭയാർത്ഥികളാക്കി മാറ്റിയ ജനങ്ങളെയും പരിഗണിക്കാതെ നടക്കുന്ന സ്വകാര്യ-പൊതുമേഖലാ ഖനന തർക്കം ഒട്ടും അനുഗുണമല്ല. 2004ൽ സുനാമി ആഞ്ഞടിച്ചപ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ ആൾനാശമുണ്ടായത് കരിമണൽ ഖനനം നടക്കുന്ന ആലപ്പാട് പഞ്ചായത്തിലാണെന്ന കാര്യമോർക്കണം. പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇയും കെ.എം.എം.എല്ലുമാണ് അവിടെ ഖനനം നടത്തുന്നത്. പാരിസ്ഥിതിക ദുരന്തത്തിന് പൊതുമേഖലയെന്നോ സ്വകാര്യമേഖലയെന്നോ വ്യത്യാസമില്ലെന്നാണ് സുനാമി ദുരന്തം ഓർമ്മിപ്പിക്കുന്നത്. കരിമണൽ ഖനനം ചെയ്യുമ്പോഴുണ്ടാകുന്ന തീരശോഷണം കാരണം കടലാക്രമണം ഈ പ്രദേശങ്ങളിൽ വ്യാപകമാകുന്നു. കരയിലുള്ള മണലാണ് ഖനനം ചെയ്യുന്നതെന്ന തെറ്റിദ്ധാരണ വ്യാപകമായുണ്ട്. തീരക്കടലിൽ അടിഞ്ഞുകൂടിയ മണലാണ് ജെ.സി.ബി പോലെയുള്ള വലിയ യന്ത്രങ്ങളുടെ സഹായത്തോടെ കാർന്നെടുക്കുന്നത്. തീരപ്രദേശത്തിന്റെ വീതിപോലും കണക്കിലെടുക്കാതെയാണ് ഇത്തരത്തിൽ വൻ തോതിലുള്ള ഖനനം ഇവിടെ നടക്കുന്നത്. ഖനനം നടക്കുന്ന ആറാട്ടുപുഴ പോലെയുള്ള പ്രദേശത്ത് അമ്പത് മീറ്റർ പോലും വീതിയില്ലാത്ത തീരത്താണ് ജനങ്ങൾ കഴിയുന്നത്. ഒരുവശത്ത് കടലും മറുവശത്ത് വേമ്പനാട് കായലും. അതിനിടയിലുള്ള 50 മീറ്റർ വീതിക്കുള്ളിലെ കരയിൽ മണൽ ഖനനം കൂടി നടത്തിയാൽ എന്താകും സ്ഥിതി?

> 2004ൽ സുനാമി ആഞ്ഞടിച്ചപ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ ആൾനാശമുണ്ടായത് കരിമണൽ ഖനനം നടക്കുന്ന ആലപ്പാട് പഞ്ചായത്തിലാണെന്ന കാര്യമോർക്കണം. പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇയും കെ.എം.എം.എല്ലുമാണ് അവിടെ ഖനനം നടത്തുന്നത്. പാരിസ്ഥിതിക ദുരന്തത്തിന് പൊതുമേഖലയെന്നോ സ്വകാര്യമേഖലയെന്നോ വ്യത്യാസമില്ലെന്നാണ് സുനാമി ഓർമ്മിപ്പിക്കുന്നത്.

ഖനനത്തിന്റെ ഫലമായി മോണോസൈറ്റ് അടങ്ങിയ മണലിൽ നിന്നുണ്ടാകുന്ന അണുപ്രസരമാണ് ഈ തീരങ്ങളിലെ മറ്റൊരു ഭീഷണി. സ്ഥിരിമായി റേഡിയേഷൻ ഏൽക്കുന്നതുമൂലം ആരോഗ്യപ്രശ്നമുണ്ടായിട്ടുള്ള നിരവധി ജനങ്ങൾ ഇവിടെയുണ്ട്. മത്സ്യബന്ധനത്തിലും മറ്റ് പരമ്പരാഗത തൊഴിലുകളിലും ഏർപ്പെട്ടിരുന്ന ജനങ്ങളുടെ ജീവിത മാർഗ്ഗം ഖനനം കാരണം ഇല്ലാതെയായിട്ടുണ്ട്. പ്രകൃതിക്കുണ്ടായിരുന്ന ആഘാതം കുറയ്ക്കുന്നതിനുള്ള നടപടികളൊന്നും ഈ പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാറോ ഈ പ്രദേശങ്ങളിൽ ചെയ്തിട്ടില്ല. റേഡിയേഷന്റെ ദോഷഫലങ്ങൾ അനുഭവിക്കുന്ന ജനങ്ങൾക്ക് മതിയായ ചികിത്സാ സഹായം നൽകുന്നതിനുള്ള സംവിധാനം പോലും സജ്ജമാക്കാൻ ഖനനം നടത്തുന്ന കമ്പനികൾക്കോ സർക്കാറിനോ കഴിഞ്ഞിട്ടില്ല. ഖനനം പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും നഷ്ടമുണ്ടാകുന്നത് പൊതുജനങ്ങൾക്കാണ്, ജൈവപരിസ്ഥിതിക്കാണ്. ആ നഷ്ടത്തെക്കുറിച്ച് ആരും ഒന്നും മിണ്ടുന്നില്ല.

കരിമണൽ കള്ളക്കടത്ത് നടക്കുന്നെന്ന കാര്യമാണ് സ്വകാര്യമേഖലയിൽ ഖനനം അനുവദിക്കുന്നതിനുള്ള ന്യായമായി സി.എം.ആർ.എൽ ഉയർത്തിക്കാണിക്കുന്ന മറ്റൊരു കാര്യം. കെട്ടിച്ചമച്ച കഥയാണ് യഥാർത്ഥത്തിൽ കരിമണൽ കള്ളക്കടത്ത്. പതിനായിരക്കണക്കിന് ടൺ കരിമണലാണ് കേരളത്തിൽ നിന്നും കള്ളകടത്തിലൂടെ കൊണ്ടുപോകുന്നതെന്നാണ് സി.എം.ആർ.എൽ പറയുന്നത്. പോലീസ്-ഭരണകൂട സംവിധാനങ്ങളുടെയെല്ലാം കണ്ണുവെട്ടിച്ച് ഇത്രയും കരിമണൽ കടത്തിക്കൊണ്ടുപോകുന്നു എന്നത് പച്ചക്കള്ളമാണ്. അത്രയും രഹസ്യമായി ചെയ്യാൻ കഴിയുന്ന കാര്യമല്ല കരിമണൽ ഖനനം. കള്ളക്കടത്ത് നടക്കുന്നതിനാൽ സ്വകാര്യമേഖലയിൽ ഖനനമാകാം എന്ന വാദം യുക്തിക്ക് നിരക്കാത്തതാണ്. കള്ളക്കടത്ത് നടക്കുന്നുണ്ടെങ്കിൽ അത് തടയാനുള്ള നിയമനടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. കാട്ടിൽ നിന്നും മരം കൊള്ള വ്യാപകമായി നടക്കുന്നതിനാൽ എനിക്കും മരംവെട്ടാൻ അനുമതി വേണമെന്ന് ഒരാൾ പറയുന്നതുപോലെ ഭോഷ്ക്കാണത്. ആറാട്ടുപുഴ മേഖലയിൽ ഈ വാദം നിലനിൽക്കില്ല. അവിടെയുള്ള ജനങ്ങളുടെ പ്രശ്നം പൊതുമേഖലയാണോ സ്വകാര്യമേഖലയാണോ എന്നതല്ല. ഖനനം ഇവിടെ വേണ്ട എന്നാണ് അവർ ഒറ്റക്കെട്ടായി പറയുന്നത്. ■